

**പോൾ കല്ലാനോട്**

പ്രശസ്തനായ കാർട്ടൂണിസ്റ്റും ചിത്രകാരനും കവിയും. കൂടാതെ വർഷങ്ങളായി ചിത്രകലാധ്യാപകനായി പ്രവർത്തിച്ചുവരുന്നു.

# വരക്കാൻ പഠിക്കാം 3

അങ്ങനെ മരം വരക്കാൻ പഠിച്ചുവരികയായിരുന്നു നിങ്ങൾ. അങ്ങനെയൊന്നുമല്ല വരക്കേണ്ടത് എന്നു പറഞ്ഞ് ഞാൻ നിങ്ങളെ കുഴപ്പത്തിലാക്കി. ശരിയാണ്.

ഒരു വസ്തു വരക്കാൻ നാമെങ്ങനെയാണു പഠിക്കുന്നത്? അല്ലെങ്കിൽ പഠിക്കേണ്ടത്?



ആ വസ്തുവിനെ കണ്ടുകൊണ്ടുതന്നെ. സംശയിക്കണ്ട. കാഴ്ചയിലൂടെയാണ് ചിത്രകലയിലേക്ക് പ്രവേശിക്കുന്നത്. കാറു കണ്ടാൽ കാറ്. വീടു കണ്ടാൽ വീട്. കാഴ്ചയാണ് വരക്കുന്നത്.

കാഴ്ചയെന്താണിപ്പോൾ? ഒരു മരം അല്ലേ? അല്ലെങ്കിൽ കുറെ മരങ്ങൾ. അപ്പോൾ പഠിക്കേണ്ടതെങ്ങനെയാണ്, ഒരു മരം വരക്കാൻ? മരങ്ങൾ നോക്കിത്തന്നെ. ഒരു തടി, കുറെ ഇലക്കൂട്ടം. കുറെ ശാഖകൾ. അതാണല്ലോ ഒരു മരം. എല്ലാ മരത്തിലും അങ്ങനെത്തന്നെ. എന്നിട്ടും ഓരോ മരവും തമ്മിൽ നല്ല വ്യത്യാസം. ആകൃതിയിൽ. അതായത് തടികളിൽ, ഇലക്കൂട്ടങ്ങളിൽ, ശിഖരങ്ങളിൽ എല്ലാം ഈ വ്യത്യാസമുണ്ട്.

അതെങ്ങനെ? ഒന്നു പോലെ മറ്റൊന്നില്ല. മനുഷ്യനായാലും മരങ്ങളായാലും. അതു പോട്ടെ എന്നു വിചാരിക്കാം. ഇനി ഒരു കുടുംബത്തിൽപ്പെട്ട, അതായത് പുളി, മാവ്, ആൽ എന്നൊക്കെപ്പറയുന്ന കുടുംബം മരങ്ങൾക്കുമുണ്ടല്ലോ. അവ തമ്മിൽ പോലും ആകൃതിയിൽ നല്ല വ്യത്യാസം.

വരക്കുമ്പോഴും അതു വരണമല്ലോ. അതു മനസ്സിലാക്കാൻ പ്രകൃതിയെത്തന്നെ പാഠപുസ്തകമാക്കണം. പ്രകൃതിയെ നോക്കി വരക്കാൻ പഠിക്കണം.

നമ്മുടെ മനസ്സിൽ ഒരു ചിത്രമുണ്ട്. അത് ആവർത്തിച്ചു വരച്ചുകൊണ്ടിരുന്നാൽ നാം ജീവിതത്തിൽ കാണുന്നവ  അറിയില്ല. നമ്മുടെ ചിത്രത്തിന് ഒരു പ്രത്യേകതയുമുണ്ടാവില്ല.  വെറുതെ ആവർത്തിച്ച് മനസ്സിൽ ഒരു ചിത്രം കാണാപ്പാഠമാക്കി വരച്ചാൽ ഒരു കാര്യവുമില്ല. കാഴ്ചകളൊക്കെ, അതിലെ ആകൃതികളൊക്കെ വേറെവേറെയാണെന്ന് അറിയണമെങ്കിൽ വേറെവേറെ വരച്ചുകൊണ്ടേയിരിക്കണം.

വേറെയാളുകളോ മുതിർന്നവരോ വരച്ചതു നോക്കിയല്ല. മറ്റുള്ളവർ വരച്ചതുനോക്കി വരച്ചു പഠിക്കുന്ന ശീലം മാറ്റണം. നമുക്കു ചുറ്റുമുള്ള പ്രകൃതിയെ നമ്മുടെ ചിത്രഭാഷയിലാക്കണം. അതു വേറൊരാളുടേതു പോലെയാകാതിരിക്കണമെങ്കിൽ പ്രകൃതിയിലെ രൂപങ്ങളെ നേരിട്ടു കണ്ട്, നിരീക്ഷിച്ച് സ്കെച്ച് ചെയ്യണം. അതിനൊരു സ്കെച്ച് ബുക്ക് വേണം. വരക്കാനൊരു ഉപകരണവും വേണം. പെന്നോ പെൻസിലോ എന്തുമാവാം. ഇനി ചോദിക്കട്ടെ, എന്താണീ പ്രകൃതി? വരക്കേണ്ട പ്രകൃതി? പറയാം.

(ഇനി അടുത്ത പാഠം)